നടുക്കുന്ന ഓർമകളുമായി രാമങ്കരി രാധാകൃഷ്ണൻ

രാമങ്കരി രാധാകൃഷ്ണൻ

രാമങ്കരി: 1984 ഡിസംബർ 3ന് പുലർച്ചെ ഒരുമണിക്ക് പൊട്ടിത്തെറിയുടെ ശബ്ദം കേട്ട് ഉണർന്നപ്പോൾ അലറിയോടുന്ന ആയിരങ്ങളെയാണ് കാണാൻ കഴിഞ്ഞത്. വീണ്ടും സ്ഫോടനം ഉണ്ടാവും എന്ന് ആരോ പറയുന്നതുകേട്ട് ഭാര്യയെയും കൂട്ടി രണ്ടു കിലോമീറ്റർ ഓടിയതോർക്കുമ്പോൾ ഇന്നും രാധാകൃഷ്ണന്റെ നെഞ്ചിൽ തീയാണ്. ഭോപ്പാൽ ദുരന്തത്തിൽനിന്നു രക്ഷപ്പെട്ട പതിനായിരങ്ങളിൽ ഒരാളാണ് രാമങ്കരി രാധാകൃഷ്ണൻ.

പ്ലസ്ടു ബോർഡിൽ ജോലി നോക്കിയിരുന്ന രാധാകൃഷ്ണൻ, ഭാര്യ ലക്ഷ്മീദേവിക്കൊപ്പം രവിശങ്കർ നഗറിൽ താമസിക്കുമ്പോഴാണ് ദുരന്തമുണ്ടായത്. രാധാകൃഷ്ണൻ താമസിച്ചിരുന്ന ക്വാർട്ടേഴ്സിന് യൂണിയൻ കാർബൈഡ് കമ്പനിയിൽനിന്ന് 15 കിലോമീറ്റർ ദൂരമുണ്ടായിരുന്നു. എട്ടുകിലോമീറ്റർ ദൂരത്തിലാണ് മരണം വ്യാപിച്ചത്. ദുരന്തമേഖലയിൽ എത്തിയതിനെപ്പറ്റി സംസാരിക്കുമ്പോൾ രാധാകൃഷ്ണന്റെ വാക്കുകൾ മുറിയുന്നു. ഭോപ്പാൽ റെയിൽവേസ്റ്റേഷൻ, ഗാന്ധി മെഡിക്കൽ കോളേജ്, സിന്ധി കോളനി, ജയപ്രകാശ് നഗർ, കിലാജമാൽപുരാ, ചോലാ റോഡ് എന്നിവിടങ്ങളിൽകണ്ട ആയിരങ്ങളുടെ മൃതശരീരങ്ങൾ രാധാകൃഷ്ണന് ഇന്നും മനസ്സിലെ അണയാത്ത നൊമ്പരമായി മാറുകയാണ്. 2000 വരെ ഭോപ്പാലിലായിരുന്ന രാധാകൃഷ്ണൻ രാമങ്കരിയിലെ കളത്തിൽവീട്ടിൽ ഭാര്യക്കും മകൾക്കുമൊപ്പം വിശ്രമജീവിതമാണിപ്പോൾ.

'ദേശീയപാത വികസനം ദീർഘവീക്ഷണത്തോടെ വേണം'

ആലപ്പുഴ: ദേശീയപാതാ വികസനം ദീർഘവീക്ഷണത്തോടെ നടപ്പാക്കുകയാണെങ്കിൽ റോഡിന്റെ വീതി ചുരുങ്ങിയത് 45 മീറ്ററെങ്കിലും ഉണ്ടായിരിക്കണമെന്ന് നിർമാണ മേഖലയിലുള്ളവർ സംഘടിപ്പിച്ച സെമിനാറിൽ നിർദ്ദേശം.

ബിൽഡേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയും കേരള ഗവ.കോൺട്രാക്ടേഴ്സ് അസോസിയേഷനും ചേർന്ന് പഗോഡ റിസോർട്ടിൽ നടത്തിയ സെമിനാറിൽ റിട്ട. പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എൻജിനീയർ ബി. മോഹനൻ വിഷയാവതരണം നടത്തി. കേരള സ്റ്റേറ്റ് എൻജിനീയേഴ്സ് അസോസിയേഷൻ ഫെഡറേഷൻ ചെയർമാൻ പി.കെ.രാജീവ് മോഡറേറ്ററായിരുന്നു.

എന്തിനും ദൂഷ്യവശമുള്ളതുപോലെ ദേശീയപാത വികസനത്തിലുമുണ്ടെന്ന് എൻജിനീയർ ബി.മോഹനൻ പറഞ്ഞു. ദൂഷ്യഫലങ്ങൾ ലഘൂകരിക്കുകയാണ് വേണ്ടത്. റോഡ് വികസിപ്പിക്കുമ്പോൾ വീടും വ്യാപാരങ്ങളും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാൻ പാക്കേജ് ഉണ്ടാകണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

ഇവിടത്തെ ദേശീയപാത വാഹനപ്പെരുപ്പത്താൽ വീർപ്പ് മുട്ടുന്നവയാണ്. എൻ.എച്ച്.47-ൽ പാസഞ്ചർ കാർ യൂണിറ്റ് (പി.സി.യു.) 50,000 വരെ എത്തിയിരിക്കുന്നു. ഇത് ആറുവരി പാതയാകേണ്ട സ്ഥിതിയിലെത്തിയതിന്റെ സൂചകമാണ്.

എൻ.എച്ച്.47, എൻ.എച്ച്. 17 എന്നിവയിലായി 854 കി.മീ. റോഡിന്റെ വികസനമാണിവിടെ നടക്കുന്നത്. കേരളത്തിലാകെ ദേശീയപാത 1542 കി.മീറ്ററാണ്. ആകെ രണ്ടുശതമാനം മാത്രമാണ് കേരളത്തിൽ ദേശീയപാതയെങ്കിലും ഗതാഗതത്തിന്റെ 50 ശതമാനം ഇതുവഴിയാണെന്ന് മോഹനൻ ചൂണ്ടിക്കാട്ടി. പ്രതിവർഷം വാഹനപ്പെരുപ്പം 15 ശതമാനമാണ്.

30 മീറ്റർ വീതിയിൽ 4 വരി ദേശീയപാത അശാസ്ത്രീയമാണെന്നായിരുന്നു വിഷയാവതാരകന്റെ വാദം. പ്രധാന പാതയ്ക്ക് പുറമെ ഇരുവശങ്ങളിലുമായി 7 മീറ്റർ വീതം വീതിയിൽ സർവീസ് റോഡുകളും വേണം. റോഡിന്റെ ഓരത്ത് താമസിക്കുന്നവർക്ക് ഉപയോഗിക്കാനാണിത്. മധ്യഭാഗത്ത് മീഡിയൻ 4.5 മീറ്റർ വീതി നിഷ്കർഷിച്ചിരിക്കുന്നത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും ഡ്രൈവിംഗ് സുഗമമാക്കാനുമാണ്. ദേശീയപാതയിൽ എതിർഭാഗത്തേക്ക് അപകടരഹിതമായി 'യു ടേൺ' ചെയ്യാനും നാലര മീറ്റർ മീഡിയൻ വേണമെന്നദ്ദേഹം ചൂണ്ടിക്കാട്ടി. രാത്രികാല ഡ്രൈവിംഗിൽ എതിർഭാഗത്തുള്ള വാഹനങ്ങളുടെ വെളിച്ചം കണ്ണിൽ പതിച്ച് അപകടം ഉണ്ടാകുന്നതൊഴിവാക്കാനും ഇതുപകരിക്കുമെന്നായിരുന്നു വാദം.

മൊത്തം 11,283 കെട്ടിടങ്ങൾ മാത്രമേ ദേശീയപാതാ വികസനം നടപ്പാക്കിയാൽ പൊളിക്കേണ്ടി വരികയുള്ളൂവെന്ന് മോഡറേറ്റർ പി.കെ.രാജീവ് പറഞ്ഞു.

ദേശീയപാതയ്ക്കിരുപുറവുമുള്ള കെട്ടിട നിർമാണത്തിനും നിയന്ത്രണമേർപ്പെടുത്തണമെന്ന് പി.ഡബ്ല്യു.ഡി. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ പി. പുഷ്പരാജൻ നിർദേശിച്ചു.

സമീപഭാവിയിൽ ആറുവരിപ്പാത അനിവാര്യമാവുകയും റോഡിന്റെ വീതി 70 മീറ്ററായി വിപുലപ്പെടുത്തേണ്ടി വരികയും ചെയ്യും. അപ്പോൾ പ്രതിരോധമുണ്ടാവുന്നതൊഴിവാക്കാൻ ഇതാവശ്യമാണെന്ന് പുഷ്പരാജൻ പറഞ്ഞു.

ജി.പി.നായർ, പി.ബി.വിശ്വേശ്വരപ്പണിക്കർ എന്നിവരും ചർച്ചയിൽ പങ്കെടുത്തു.

ഗവ.കോൺട്രാക്ടേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് വർഗീസ് കണ്ണമ്പള്ളി സ്വാഗതവും ബിൽഡേഴ്സ് അസോസിയഷൻ ഓഫ് ഇന്ത്യ സംസ്ഥാന ചെയർമാൻ പി.പി. ജോൺ നന്ദിയും പറഞ്ഞു.

ദേശീയ പാതകളുടെ വികസനവും അനുബന്ധ പ്രശ്നങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ചർച്ചയിൽ കേരള സ്റ്റേറ്റ് എൻജിനീയേഴ്സ് ഫെഡറേഷൻ സംസ്ഥാന ചെയർമാൻ പി.കെ.രാജീവൻ സംസാരിക്കുന്നു

നഗരത്തിൽ ശുദ്ധജലം കിട്ടാനില്ല

ആലപ്പുഴ: മഴയെത്തിയിട്ടും നഗരത്തിൽ കുടിവെള്ളക്ഷാമം. പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെട്ട വേളയിൽ ശുദ്ധജലത്തിനായി നഗരവാസികൾ നെട്ടോട്ടമോടുന്നു. തീരദേശവാർഡുകളിലെ നാനൂറോളം കുടുംബങ്ങൾ ശുദ്ധജലമില്ലാത്തതിനാൽ വാട്ടർ അതോറിറ്റിക്കെതിരെ സമരത്തിനൊരുങ്ങുകയാണ്.

വൈദ്യുതി തടസ്സം മൂലം നഗരത്തിലെ റിവേഴ്സ് ഓസ്മോസിസ് (ആർ.ഒ) പ്ലാൻറുകളുടെ പ്രവർത്തനം തടസ്സപ്പെടുന്നതും ശുദ്ധജലവിതരണത്തെ ബാധിക്കുന്നു.

കഴിഞ്ഞ താലൂക്ക് വികസന സമിതിയോഗത്തിൽ നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാത്തതിൽ വാട്ടർ അതോറിറ്റിക്കെതിരെ രൂക്ഷമായ വിമർശമുയർന്നിരുന്നു. പള്ളാത്തുരുത്തി, പഴവീട്, കാഞ്ഞിരംചിറ, സീവ്യൂ, വാടയ്ക്കൽ തുടങ്ങിയ വാർഡുകളിലാണ് ജലക്ഷാമം രൂക്ഷം. പള്ളാത്തുരുത്തി വാർഡിലെ കുറുക്കൻ പറമ്പ് പ്രദേശത്ത് 30 തോളം കുടുംബങ്ങൾക്ക് മൂന്ന് മാസമായി കുടിവെള്ളം ലഭിച്ചിട്ട്. പാടത്തുകൂടിയുള്ള പൈപ്പ് ലൈനിലൂടെ ഇവിടെ വെള്ളമെത്തിക്കുന്നത് ശ്രമകരമായ ജോലിയാണെന്നാണ് വാട്ടർ അതോറിറ്റി അധികൃതർ പറയുന്നത്.

ചുങ്കം, തിരുമല വാർഡുകളിലെ കിഴക്കൻ പ്രദേശങ്ങളിൽ ശുദ്ധജലവിതരണത്തിനായി പ്രധാന പൈപ്പ്ലൈൻ സ്ഥാപിച്ചുവെങ്കിലും വീടുകളിലേക്ക് കണക്ഷൻ കൊടുത്തിട്ടില്ല. ഇതിന് മുമ്പേ കരാറുകാർ പണി അവസാനിപ്പിച്ചുപോയത് പ്രദേശവാസികൾക്കിടയിൽ പ്രതിഷേധത്തിന് കാരണമായി.

ഇതിനിടെ അടിക്കടിയുള്ള വൈദ്യുതിമുടക്കം നിമിത്തം ആർ.ഒ പ്ലാൻറുകളിൽനിന്നുള്ള ശുദ്ധജലവിതരണവും തടസ്സപ്പെടുന്നു.

വെള്ളക്കിണർ ശുദ്ധജല വിതരണ പ്ലാൻറിനുമുന്നിൽ കുടിവെള്ളമില്ല എന്ന ബോർഡ് അധികൃതർ സ്ഥാപിച്ചുകഴിഞ്ഞു.

കായലിനോടു ചേർന്നുള്ള നെഹ്രുട്രോഫി, പുന്നമട, പള്ളാത്തുരുത്തി വാർഡുകളിൽ ജനങ്ങൾ ഇപ്പോഴും വള്ളത്തിൽ കൊണ്ടുവരുന്ന വെള്ളത്തെയാണ് ആശ്രയിക്കുന്നത്. ഈ പ്രദേശത്ത് ഭൂമിക്കടിയിലൂടെയുള്ള പൈപ്പുകൾ പൊട്ടിയവയായതിനാൽ വിതരണം ചെയ്യുന്ന വെള്ളത്തിൽ മാലിന്യങ്ങൾ കലരുന്നത് രോഗഭീതിക്ക് കാരണമാകുന്നുണ്ട്.

യു.ഡി.എഫിന് മറുപടിയുമായി എൽ.ഡി.എഫ്. ജാഥ

ആലപ്പുഴ: ആലപ്പുഴ നഗരസഭയിലെ എൽ.ഡി.എഫ്. ഭരണത്തിനെതിരെ യു.ഡി.എഫ്. സംഘടിപ്പിച്ച പ്രതിഷേധ ജാഥയ്ക്ക് മറുപടിയുമായി ഭരണമുന്നണിയും ജാഥ സംഘടിപ്പിക്കുന്നു. എൽ.ഡി.എഫ്. ഭരണം 5-ാം വർഷത്തിൽ സ്ഥിരത, വികസനം, ക്ഷേമം തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തിയാണ് ജാഥ.

13 മുതൽ 16 വരെ നടക്കുന്ന ജാഥയ്ക്ക് മുനിസിപ്പൽ ചെയർമാൻ പി.പി.ചിത്തരഞ്ജനും വൈസ് ചെയർമാൻ എൽജിൻ റിച്ചാർഡുമാണ് നേതൃത്വം നൽകുന്നത്.

ആധുനിക അറവുശാല, ഖരമാലിന്യസംസ്കരണ പ്ലാൻറ്, പദ്ധതി വകമാറ്റൽ തുടങ്ങിയ കാര്യങ്ങളിൽ യു.ഡി.എഫ്. പ്രതിഷേധ ജാഥയിൽ ഗുരുതരമായ ആരോപണങ്ങളാണ് ഉന്നയിച്ചിരുന്നത്. തെരുവിൽ നിരത്തിയ ആരോപണങ്ങൾക്ക് തെരുവിൽ തന്നെ മറുപടി പറയുമെന്ന് എൽ.ഡി.എഫ്. നേതാക്കൾ പ്രതികരിച്ചിരുന്നു. ഇതിന്റെ ഭാഗമായാണ് ഭരണത്തിന്റെ 5-ാം വർഷത്തിലെത്തിയതിന്റെ ഭാഗമായി ജാഥ സംഘടിപ്പിക്കുന്നത്. സഹകരണമന്ത്രി ജി.സുധാകരൻ ജാഥ ഉദ്ഘാടനം ചെയ്യും. സമാപന സമ്മേളനത്തിൽ മന്ത്രി തോമസ് ഐസക് പങ്കെടുക്കും.

പനഉത്പന്നങ്ങൾക്ക് വിതരണക്കാരെ ആവശ്യമുണ്ട്

ആലപ്പുഴ: സർക്കാർ സ്ഥാപനമായ പന ഉത്പന്ന വികസന തൊഴിലാളി കോർപ്പറേഷന്റെ ഉത്പന്നങ്ങളായ സ്ക്വാഷ്, പനം കൽക്കണ്ടം, നൊങ്ക്, കരുപ്പുകട്ടി, പനയോല, കരകൗശല ഉത്പന്നങ്ങൾ എന്നിവ ചേർത്തല, കുട്ടനാട്, അമ്പലപ്പുഴ, ചെങ്ങന്നൂർ, മാവേലിക്കര താലൂക്കുകളിൽ വിതരണം ചെയ്യാൻ താത്പര്യമുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. 0471-2225007 എന്ന നമ്പറിൽ ബന്ധപ്പെട്ടാൽ കൂടുതൽ വിവരങ്ങൾ അറിയാം. www.kelpalm.com എന്ന വെബ്സൈറ്റിൽ നിന്നും വിവരങ്ങൾ ലഭിക്കും.

ലേലം

ആലപ്പുഴ: കാർത്തികപ്പള്ളി താലൂക്കിൽ കീരിക്കാട് വില്ലേജിൽ റീസർവേ 19/27-2ൽപ്പെട്ട 5.67 ആർ പുരയിടത്തിന്റെ നാലിലൊന്ന് ഭാഗം ജൂൺ 29ന് പകൽ 11 മണിക്ക് കീരിക്കാട് വില്ലേജോഫീസിൽ ലേലം ചെയ്യും.

വനിതാ കമ്മീഷൻ അദാലത്ത് 26ന്

ആലപ്പുഴ: ആലപ്പുഴ കളർകോട് ഗവണ്മെൻറ് യു.പി. സ്കൂളിൽ ജൂൺ 26ന് രാവിലെ 10.30ന് വനിതാ കമ്മീഷൻ അദാലത്ത് നടത്തും.

ടി.ടി.സി. താത്കാലിക ലിസ്റ്റ്

ആലപ്പുഴ: 2010-2012 വർഷത്തെ ഗവണ്മെൻറ് ടി.ടി.സികളിലെ പ്രവേശനത്തിനുള്ള താത്കാലിക ലിസ്റ്റ് ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ പ്രസിദ്ധീകരിച്ചു. ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ ജൂൺ 10ന് വൈകീട്ട് അഞ്ചു മണിക്കകം ഉപ ഡയറക്ടർ ഓഫീസിൽ അറിയിക്കണം.

ദർഘാസ് ക്ഷണിച്ചു

ആലപ്പുഴ: ജില്ലാ സ്റ്റേഷനറി ഓഫീസിലെ 2011 മാർച്ച് 31 വരെ സ്റ്റേഷനറി സാധനങ്ങൾ കയറ്റിറക്കുന്നതിനും സ്റ്റോക്ക് ചെയ്യുന്നതിനും മറ്റു കരാർവ്യവസ്ഥയിലെ ജോലി ഏറ്റെടുത്ത് ചെയ്യുന്നതിനും ദർഘാസ് ക്ഷണിച്ചു. മുദ്രവെച്ച ദർഘാസ് ജൂൺ 16ന് പകൽ രണ്ടു മണിക്കകം ലഭിക്കണം. കൂടുതൽ വിവരങ്ങൾ ജില്ലാ സ്റ്റേഷനറി ഓഫീസിൽ ലഭിക്കും.

സ്പോർട്സ് ക്വാട്ട ലിസ്റ്റ് പ്രസിദ്ധീകരിച്ചു

ആലപ്പുഴ: പുതിയ അധ്യയനവർഷത്തിൽ പ്ലസ്ടു പ്രവേശനത്തിനുള്ള സ്പോർട്സ് ക്വാട്ട ലിസ്റ്റ് ജില്ലാ സ്പോർട്സ് കൗൺസിൽ ഓഫീസിൽ പ്രസിദ്ധീകരിച്ചു. ആക്ഷേപങ്ങളോ പരാതികളോ ഉള്ളവർ രേഖാമൂലം 10ന് വൈകീട്ട് അഞ്ചിനു മുൻപായി ബോധിപ്പിക്കണമെന്ന് ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡൻറ് സജി ചെറിയാൻ അറിയിച്ചു.

ട്യൂഷൻ അധ്യാപക നിയമനം

ചെങ്ങന്നൂർ: പട്ടികജാതി വികസന വകുപ്പും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തും ചേർന്ന് പട്ടികജാതി പെൺകുട്ടികൾക്കായി പുലിയൂരിൽ നടത്തുന്ന പ്രീമെട്രിക് ഹോസ്റ്റലിലേക്ക് ട്യൂഷൻ അധ്യാപകരെ ആവശ്യമുണ്ട്. ഹൈസ്കൂൾ, യു.പി. വിഭാഗത്തിലേക്കാണ് നിയമനം. ഹൈസ്കൂൾ വിഭാഗത്തിൽ സയൻസ്, കണക്ക്, ഹിന്ദി, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾ പഠിപ്പിക്കാൻ അതത് വിഷയങ്ങളിൽ ബിരുദാനന്തരബിരുദവും ബി.എഡും ഉള്ള വനിതകളെയാണ് പരിഗണിക്കുന്നത്. യു.പി. വിഭാഗത്തിൽ മൂന്ന് ടീച്ചർമാരെ വേണം. ബിരുദവും ബി.എഡും ഉള്ള വനിതകൾക്ക് അപേക്ഷിക്കാം. താല്പര്യമുള്ളവർ വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 15-നകം ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കോ പട്ടികജാതി വികസന ഓഫീസർക്കോ നൽകണം. പട്ടികജാതി വിഭാഗം അപേക്ഷകർക്ക് മുൻഗണന ഉണ്ടായിരിക്കും.

ഗസ്റ്റ് അധ്യാപക നിയമനം

ചെങ്ങന്നൂർ: ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ഫിസിക്സിന് ഗസ്റ്റ് അധ്യാപകനെ ആവശ്യമുണ്ട്. താല്പര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യതാ സർട്ടിഫിക്കറ്റുകൾ സഹിതം വെള്ളിയാഴ്ച 11ന് പ്രിൻസിപ്പൽ മുമ്പാകെ ഹാജരാകണം.

വീട് നിർമ്മിക്കാൻ സഹായധനം

ചേർത്തല: കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കഞ്ഞിക്കുഴി, മാരാരിക്കുളം വടക്ക്, ചേർത്തല തെക്ക്, തണ്ണീർമുക്കം, മുഹമ്മ ഗ്രാമപ്പഞ്ചായത്തുകളിലെ സ്ഥിരതാമസക്കാരായ പട്ടികജാതി-പട്ടികവർഗ്ഗക്കാരിൽനിന്ന് വീട് നിർമ്മാണസഹായത്തിനുള്ള അപേക്ഷ ക്ഷണിച്ചു.

വീട് നിർമ്മാണത്തിന് യോഗ്യമായ രണ്ടുസെൻറ് സ്ഥലം സ്വന്തം പേരിലുള്ളവർക്ക് അപേക്ഷിക്കാം. വാസയോഗ്യമായ വീടില്ലാത്തവരും നാളിതുവരെ വീടുനിർമ്മാണത്തിന് സഹായധനം ലഭിക്കാത്തവരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുമാകണം അപേക്ഷകർ. അർഹരായവർ പേര്, വീട്ടുപേര്, പഞ്ചായത്ത്, വാർഡുനമ്പർ എന്നിവ രേഖപ്പെടുത്തിയ അപേക്ഷ ജൂൺ 15-നകം ബന്ധപ്പെട്ട പഞ്ചായത്തിലെ വി.ഇ.ഒ. ഓഫീസിലോ ബ്ലോക്ക് പഞ്ചായത്തിലോ നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

നഗരമധ്യത്തിലെ കടയിൽ മേൽത്തട്ടുപൊളിച്ച് മോഷണം

ആലപ്പുഴ: നഗരമധ്യത്തിലെ മൊബൈൽഫോൺ കടയിൽ മേൽത്തട്ടുപൊളിച്ച് മോഷണം. മുല്ലയ്ക്കൽ സീറോജങ്ഷനിലെ 'ഗൾഫ്ലാൻറ്' എന്ന കടയിലാണ് കഴിഞ്ഞ രാത്രി മോഷണം നടന്നത്. ഏകദേശം 50,000 രൂപ വില വരുന്ന 12 ഫോണുകൾ നഷ്ടപ്പെട്ടു. ഈ കടയിൽ നടക്കുന്ന മൂന്നാമത്തെ മോഷണമാണിത്. തിങ്കളാഴ്ച രാത്രി പത്തരവരെ പ്രവർത്തിച്ച കട രാവിലെ തുറക്കുമ്പോഴാണ് മോഷണം നടന്നതറിയുന്നത്. കടയുടെ മേൽക്കൂരയിലെ ഓടുകൾ ഇളക്കിമാറ്റിയ നിലയിലായിരുന്നു. മേൽത്തട്ടിൽ തറച്ചിരുന്ന പലകകൾ താഴേയ്ക്ക് വീണിരുന്നു. രാത്രി കടയുടെ കാവലിന് സെക്യൂരിറ്റിക്കാരൻ ഉണ്ടായിരുന്നെങ്കിലും മോഷണം നടന്നത് അറിഞ്ഞില്ല. മുമ്പ് നടന്ന രണ്ടു മോഷണങ്ങളിൽ ഒന്ന് താഴറുത്തും മറ്റൊന്ന് തട്ടുപൊളിച്ചുമായിരുന്നു. ആലപ്പുഴ സൗത്ത് പോലീസ് കേസെടുത്തു.

കെ.എസ്.ആർ.ടി.സി. ബസ്ഡ്രൈവറെ മർദ്ദിച്ച യുവാവ് പിടിയിൽ

ആലപ്പുഴ: ആലപ്പുഴ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡിൽ ബസ്ഡ്രൈവറെ മർദ്ദിച്ച യുവാവിനെ പോലീസ് പിടികൂടി. ചൊവ്വാഴ്ച രാത്രി 10.15 ഓടെ തണ്ണീർമുക്കത്തേക്കുള്ള ബസ് പാർക്ക് ചെയ്തിറങ്ങുമ്പോഴാണ് ഡ്രൈവർ കെ.എൻ.സജീവന് മർദ്ദനമേറ്റത്. സംഭവവുമായി ബന്ധപ്പെട്ട് മണ്ണഞ്ചേരി ചേലേഴത്തുവെളി അരുൺകുമാറിനെ ജീവനക്കാരും ഔട്ട്പോസ്റ്റിലുണ്ടായിരുന്ന പോലീസും ചേർന്ന് പിടികൂടി.

ബസ് എങ്ങോട്ടാണ് പോകുന്നതെന്ന് യാത്രക്കാരൻ ചോദിച്ചപ്പോൾ ഡ്രൈവർ മറുപടി പറഞ്ഞില്ലെന്നും ഈ സമയം ഇയാൾ ഡ്രൈവറെ കഴുത്തിൽ പിടിച്ച് തള്ളിയെന്നുമാണ് പറയുന്നത്.

◆ഇന്നത്തെ പരിപാടി◆

- കളർകോട് മാപ്രാംവെളി ക്ഷേത്രത്തിൽ ഭാഗവത സപ്താഹയജ്ഞം. പ്രസാദമൂട്ട് 12.30.
- വാടയ്ക്കൽ കരിപ്പുറത്ത് സർപ്പക്ഷേത്രത്തിൽ പുനഃപ്രതിഷ്ഠാ വാർഷികം. കലശാഭിഷേകം 11.00.
- ആലപ്പുഴ സെൻറ് ആൻറണീസ് തീർഥാടനകേന്ദ്രത്തിൽ തിരുനാൾ. കൊടിയേറ്റ് 5.15.
- വെളിയനാട് നല്ലൂത്രക്കാവ് ദേവീക്ഷേത്രത്തിൽ ഭാഗവതസപ്താഹയജ്ഞം. സർവൈശ്വര്യ പൂജ 5.00.

കലവൂർ മഹാവിഷ്ണുക്ഷേത്രത്തിലെ പ്രതിഷ്ഠാവാർഷികത്തിന്റെ ഭാഗമായി നടക്കുന്ന ഭാഗവതസപ്താഹയജ്ഞത്തിന് ശ്രീകണ്ഠേശ്വരം എസ്.എൻ.എച്ച്.എസ്.എസ്. മാനേജർ കെ.കെ.രാജപ്പൻ ഭദ്രദീപം തെളിക്കുന്നു

വൈദ്യുതിപ്രശ്നം: പെൻഷൻകാർ ബുദ്ധിമുട്ടി

ആലപ്പുഴ: പകൽ വൈദ്യുതി ഇല്ലാത്തത് ആലപ്പുഴ സബ്ട്രഷറിയിൽ പെൻഷൻ വിതരണത്തെ ബാധിച്ചു. കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കാൻ പകരം ക്രമീകരണമേർപ്പെടുത്താൻ വൈകിയതുമൂലം രണ്ടു മണിക്കൂർ പെൻഷൻകാർ കാത്തുനിൽക്കേണ്ടി വന്നു.

ട്രഷറിയിലുള്ള 16 കമ്പ്യൂട്ടറുകളും സർവറും പ്രവർപ്പിക്കാൻ ആറ് കെ.വി. ശേഷിയുള്ള ജനറേറ്റർ വേണ്ടിടത്ത് ഇവിടെയുള്ളത് മൂന്നു കെ.വി.യുടെ ജനറേറ്ററാണ്. 11.30 ഓടെ ഈ ജനറേറ്റർ പ്രവർത്തിപ്പിച്ചാണ് അത്യാവശ്യം നിറവേറ്റിയത്. 10,000ത്തോളം പെൻഷൻകാരുള്ള ഈ ട്രഷറിയിൽ ചൊവ്വാഴ്ച നൂറോളംപേർ മാത്രമേ എത്തിയിരുന്നുള്ളൂ. മാസത്തിന്റെ ആദ്യദിവസങ്ങളിൽ ആയിരത്തിനടുത്ത് ആളുകൾ എത്താറുണ്ട്.

ശമ്പളം കിട്ടിയില്ല; കണ്ടിൻജൻസി ജീവനക്കാർ പ്രതിഷേധത്തിൽ

ആലപ്പുഴ: നഗരസഭയിലെ ശുചീകരണ തൊഴിലാളികൾ ഉൾപ്പെടെയുള്ള കണ്ടിൻജൻസി ജീവനക്കാർക്ക് മെയ് മാസത്തെ ശമ്പളം ലഭിച്ചിട്ടില്ലെന്ന് പരാതി. എല്ലാ മാസവും ഒന്നിന് ലഭിച്ചിരുന്ന ശമ്പളം ഇക്കുറി ജൂൺ ഒരാഴ്ച പിന്നിട്ടിട്ടും ലഭിച്ചില്ലെന്ന് തൊഴിലാളികൾ പറയുന്നു. പകർച്ചവ്യാധി പടരുന്ന അവസരത്തിൽ ശുചീകരണ തൊഴിലാളികളുടെ സേവനം വിലപ്പെട്ടതാണ്. ഇത് മനസ്സിലാക്കാതെ നഗരസഭ തൊഴിലാളികളെ ബുദ്ധിമുട്ടിക്കുകയാണെന്ന് മുനിസിപ്പൽ ആൻഡ് കോർപ്പറേഷൻ വർക്കേഴ്സ് കോൺഗ്രസ് (ഐ.എൻ.ടി.യു.സി) യോഗം കുറ്റപ്പെടുത്തി.

സി.ഐ.ടി.യു. നിർമ്മിച്ച അനധികൃതഷെഡ് നഗരസഭ പൊളിച്ചു

ചേർത്തല: ചേർത്തല സ്വകാര്യ ബസ്സ്റ്റാൻഡിൽ സി.ഐ.ടി.യു. നിർമ്മിച്ച അനധികൃത വിശ്രമകേന്ദ്രം പോലീസ് സഹായത്തോടെ നഗരസഭാധികൃതർ പൊളിച്ചു. പിന്നീട്, പൊളിച്ച വസ്തുക്കൾ നഗരസഭവളപ്പിൽനിന്ന് കൊണ്ടുവന്ന് വീണ്ടും ഷെഡ് കെട്ടാനുള്ള സി.ഐ.ടി.യു. ശ്രമം പോലീസ് വിഫലമാക്കി. ചൊവ്വാഴ്ച പുലർച്ചെ ആറുമണിയോടെയായിരുന്നു സംഭവം. ഷെഡ് പൊളിക്കാൻ തുടങ്ങിയ നഗരസഭാ ഉദ്യോഗസ്ഥരെ ആറരയോടെ സി.ഐ.ടി.യു. യൂണിയൻ തൊഴിലാളികൾ തടഞ്ഞു. അപ്പോഴേക്കും ഷെഡ്ഡിന്റെ മിക്കഭാഗവും പൊളിച്ചുമാറ്റിയിരുന്നു. പൊളിച്ച സാധനങ്ങൾ നഗരസഭയുടെ ലോറിയിൽ ക്കയറ്റിയിരുന്നെങ്കിലും അവ കൊണ്ടുപോകുന്നതും യൂണിയൻകാർ തടഞ്ഞു. പോലീസ് ഇടപെട്ടെങ്കിലും പ്രശ്നത്തിന് പരിഹാരമായില്ല. വിവരമറിഞ്ഞ് സ്ഥലത്തെത്തിയ സി.പി.എം. ചേർത്തല ഏരിയാ സെൻറർ അംഗം പി.എസ്.ശ്രീകുമാർ, ടൗൺ ഈസ്റ്റ് എൽ.സി. സെക്രട്ടറി സുരരാജ് എന്നിവർ നടത്തിയ ചർച്ചകളുടെ ഫലമായി ടിപ്പർലോറിയിലെ സാധനങ്ങൾ കൊണ്ടുപോകാൻ തൊഴിലാളികൾ സമ്മതിച്ചു. ഷെഡ്ഡിന്റെ ബാക്കിഭാഗം പൊളിക്കാതെ ഉദ്യോഗസ്ഥർ മടങ്ങി. രാവിലെ ഏഴരയോടെ പൊളിച്ച വസ്തുക്കൾ നഗരസഭാ ഓഫീസ് വളപ്പിൽ ഉദ്യോഗസ്ഥർ കൊണ്ടുവന്നിട്ടു. എട്ടരയോടെ നഗരസഭാ ഓഫീസ് വളപ്പിൽ മിനിലോറിയിലെത്തിയ സി.ഐ.ടി.യു. യൂണിയൻ തൊഴിലാളികൾ അവ കയറ്റിക്കൊണ്ടുപോയി. സ്റ്റാൻഡിലെത്തിയ തൊഴിലാളികൾ ഷെഡ് വീണ്ടും സ്ഥാപിക്കാൻ ശ്രമിച്ചെങ്കിലും പോലീസ് അനുവദിച്ചില്ല.

തുടർന്ന് സാധനങ്ങൾ ടൗൺ ഈസ്റ്റ് ലോക്കൽ കമ്മിറ്റി ഓഫീസ് പരിസരത്ത് ഇറക്കിവച്ചിരിക്കുകയാണ്.

ശിലയിട്ടു

ചമ്പക്കുളം: ചമ്പക്കുളം പടിപ്പുരയ്ക്കൽ കാർത്യായനി ദേവീക്ഷേത്രത്തിൽ നിർമ്മിക്കുന്ന സദ്യാലയത്തിന്റെ ശിലാസ്ഥാപനം കുട്ടനാട് താലൂക്ക് എൻ.എസ്.എസ്. യൂണിയൻ പ്രസിഡൻറ് പി.കെ.രാധാകൃഷ്ണപ്പണിക്കർ നിർവഹിച്ചു.

4500 ചതുരശ്രഅടി വിസ്തൃതിയിൽ 40 ലക്ഷം രൂപ മുടക്കിയാണ് സദ്യാലയം നിർമ്മിക്കുന്നത്.

യൂണിയൻ വൈസ് പ്രസിഡൻറ് വി.ഗോപാലകൃഷ്ണൻനായർ, സെക്രട്ടറി വി.ഉണ്ണികൃഷ്ണൻ, എൻ.എസ്.എസ്. ഇൻസ്പെക്ടർ ആർ.ചന്ദ്രശേഖരൻനായർ, താലൂക്ക് യൂണിയൻ ഭാരവാഹികൾ, പ്രതിനിധിസഭാംഗങ്ങൾ, ചമ്പക്കുളം കരയോഗം ഭാരവാഹികൾ, വനിതാ സമാജം ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

ഭാഗവതസപ്താഹം

പുന്നപ്ര: പറവൂർ ഭഗവതി ക്ഷേത്രത്തിൽ ഭാഗവതസപ്താഹയജ്ഞം 10 മുതൽ 18 വരെ നടക്കും. രാവിലെ 7.30ന് ഡോ. വി.പങ്കജാക്ഷൻ ഭദ്രദീപപ്രകാശനം നടത്തും.

ജനറൽ ആസ്പത്രിയിൽ മോഷണം

ആലപ്പുഴ: ജനറൽ ആസ്പത്രിയിലെ ഒ.പി. വിഭാഗത്തിൽ ബാഗ്മോഷണം. മെഡിക്കൽ റെപ്രസന്റേറ്റീവായ അമ്പലപ്പുഴ കരുമാടി ലീലാഭവനിൽ പി.രാജേഷ്കുമാറിന്റെ ബാഗാണ് മോഷണം പോയത്. ഒ.പി.വിഭാഗത്തിൽ ബാഗ് വെച്ച ശേഷം അത്യാഹിത വിഭാഗത്തിൽ പോയി തിരികെ വന്നപ്പോൾ ബാഗ് കാണാതാവുകയായിരുന്നു. ചൊവ്വാഴ്ച രാവിലെ 10.30നായിരുന്നു സംഭവം. ഉച്ചയോടെ ആസ്പത്രി ജീവനക്കാരിയുടെ വാച്ച് മോഷണം പോയി. വാച്ച് ഊരിവച്ച ശേഷം ഇവർ രോഗിയുടെ മുറിവിൽ മരുന്നുവയ്ക്കാൻ പോയ തക്കം നോക്കിയായിരുന്നു മോഷണം.

ചമ്പക്കുളം പടിപ്പുരയ്ക്കൽ കാർത്യായനിദേവീക്ഷേത്രത്തിൽ നിർമിക്കുന്ന സദ്യാലയത്തിന്റെ ശിലാസ്ഥാപനം കുട്ടനാട് താലൂക്ക് എൻ.എസ്.എസ്. യൂണിയൻ പ്രസിഡൻറ് പി.കെ.രാധാകൃഷ്ണപ്പണിക്കർ നിർവഹിക്കുന്നു

റിസോർട്ട് കെട്ടിടം തകർന്ന സംഭവം

അനധികൃത ഭാഗം പൊളിച്ചുനീക്കുമെന്ന് നഗരസഭ

ആലപ്പുഴ: കോൺക്രീറ്റിങ്ങിനിടെ പുന്നമട ഫിനിഷിങ് പോയിൻറിന് സമീപം ഇടിഞ്ഞുവീണ റിസോർട്ട് കെട്ടിടത്തിന്റെ ബാക്കിയുള്ള അനധികൃത ഭാഗം പൊളിച്ചുനീക്കാൻ ചൊവ്വാഴ്ച ചേർന്ന ആലപ്പുഴ നഗരസഭാ കൗൺസിൽ യോഗം തീരുമാനിച്ചു. അനധികൃത കെട്ടിട നിർമാണത്തിന് നഗരസഭ അനുമതി നല്കിയതുമൂലമാണ് പ്രശ്നങ്ങളുണ്ടായതെന്നാരോപിച്ച് യോഗത്തിൽ പ്രതിപക്ഷം ബഹളമുണ്ടാക്കി. തുടർന്നാണ് സംഭവം ചർച്ചയ്ക്കെടുത്ത് നഗരസഭ ഈ തീരുമാനത്തിലെത്തിയത്.

മൂന്നുനില കെട്ടിടം പണിയാൻ മാത്രമേ നഗരസഭ അനുമതി നല്കിയിട്ടുള്ളൂവെന്ന് ചെയർമാൻ പി.പി. ചിത്തരഞ്ജൻ വ്യക്തമാക്കി. റിസോർട്ട് ആറുനിലയാക്കാൻ ടൗൺ പ്ലാനർക്ക് അവർ അപേക്ഷ നല്കി. അതനുസരിച്ചാണ് മുകളിലേക്ക് കെട്ടിപ്പൊക്കിയത്. നിർമാണം ആറുനിലയും കഴിഞ്ഞു. അതുകൊണ്ട് ആറുനിലയ്ക്കുശേഷമുള്ളത് അനധികൃതമായി കണക്കാക്കി പൊളിച്ചുനീക്കാനാണ് കൗൺസിൽ തീരുമാനിച്ചിട്ടുള്ളത്. നിർമാണത്തിലിരുന്ന റിസോർട്ട് കെട്ടിടത്തിന്റെ ഭാഗം തകർന്നുവീണ് കഴിഞ്ഞ ദിവസം നാലുപേർക്ക് പരിക്കേറ്റതോടെയാണ് അനധികൃത നിർമാണം പുറത്തായത്.

ആലപ്പുഴ നഗരസഭാ പരിധിയിലുള്ള മുഴുവൻ അനധികൃത നിർമാണങ്ങളും തടയണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം പിന്നെയും ബഹളമുണ്ടാക്കി. ഇതേത്തുടർന്ന് അനധികൃത നിർമാണങ്ങളെക്കുറിച്ച് പരിശോധിക്കാൻ യോഗം തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി. ബഹുനില കെട്ടിടങ്ങൾ പണിയാൻ അനുമതി നല്കുമ്പോൾ നഗരസഭ മണ്ണ് പരിശോധന നടത്തിയിരുന്നോ എന്നും പ്രതിപക്ഷാംഗങ്ങൾ ചോദിച്ചു. ഇതേക്കുറിച്ചും അന്വേഷണം നടത്തും.

യു.ഡി.എഫ്. നഗരസഭാ പാർലമെൻററി പാർട്ടി നേതാവ് തോമസ് ജോസഫ്, ബി. മെഹബൂബ്, കെ.എ. സാബു, പി. ബിനു, വി.എം. ബഷീർ, അഡ്വ. എ.എ. റസാഖ് തുടങ്ങിയവരാണ് അനധികൃത നിർമാണ പ്രവർത്തനങ്ങൾക്കെതിരെ രംഗത്തുവന്നത്. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനെ സംബന്ധിച്ചും കൗൺസിൽ യോഗത്തിൽ തർക്കമുണ്ടായി. ഒടുവിൽ ഇൻഷുറൻസ് പുതുക്കുന്നതിനും അംഗങ്ങളെ ചേർക്കുന്നതിനുമായി ജൂലായ് രണ്ടുമുതൽ ക്യാമ്പുകൾ സംഘടിപ്പിക്കാൻ യോഗം തീരുമാനിച്ചു.

അന്വേഷണം വേണമെന്ന് സി.എം.പി.

ആലപ്പുഴ: നഗരസഭ നൽകിയ നിശ്ചിത അനുവാദപരിധി ലംഘിച്ച് ബഹുനില റിസോർട്ട് നിർമ്മിക്കുന്നതിന്റെ പിന്നിലെ രാഷ്ട്രീയസ്വാധീനത്തെക്കുറിച്ചും അഴിമതിയെക്കുറിച്ചും അന്വേഷിക്കണമെന്ന് സി.എം.പി. ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി ആവശ്യപ്പെട്ടു.

നിർമ്മാണത്തിന് പിന്നിൽ സി.പി.എം. മന്ത്രിമാരുടെ മക്കൾക്കും എം.എൽ.എ.മാർക്കും പങ്കുണ്ടെന്ന് യോഗം ആരോപിച്ചു.

പി.ഇ.നാരായൺജി അധ്യക്ഷത വഹിച്ചു. പി.ബിനു, എ.മുരളി, ടി.വി.പാർഥൻ, ടി.ജി.സുരേഷ്, ഹരിഹരൻ, എസ്.സുജൻ എന്നിവർ സംസാരിച്ചു.

ഇൻഡ്യയിലും വിദേശരാജ്യങ്ങളിലും നിരവധി തൊഴിൽ സാദ്ധ്യതയുള്ള, കേന്ദ്ര സർക്കാർ അംഗീകൃത തൊഴിൽ പരിശീലനത്തിന് SSLC, +2, Degree കഴിഞ്ഞവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

മിനിസ്ട്രി ഓഫ് ലേബർ & എംപ്ലോയ്മെന്റ്, ഗവ. ഓഫ് ഇൻഡ്യ NCVT (SDI) സ്കീം പ്രകാരം നടത്തുന്ന വിവിധ തൊഴിൽ പരിശീലനത്തിന് SSLC, +2, Degree കഴിഞ്ഞ യുവതീയുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. തെരെഞ്ഞെടുക്കുന്നവർക്ക് സ്കോളർഷിപ്പും, പ്ലേസ്മെന്റ് അസിസ്റ്റൻസും ലഭിക്കുന്നു.

ഒരു വർഷം ദൈർഘ്യമുള്ള Computerised Fashion Designing, Multimedia & Graphics, PGDCA, Computer TTC, Computer Hardware & Networking, Instrumentation Technology, ആറുമാസം ദൈർഘ്യമുള്ള Mobile Phone Technician, Fire & Safety Engineering, Computer Financial Accounting, Desk Top Publishing എന്നീ തൊഴിൽ പരിശീലനത്തിന് ഇപ്പോൾ അപേക്ഷിക്കാം. ബയോഡേറ്റ തയ്യാറാക്കി പഠിക്കാനാഗ്രഹിക്കുന്ന കോഴ്സിന്റെ പേരെഴുതി മടക്കത്തപാൽ സഹിതം താഴെകാണുന്ന വിലാസത്തിൽ അയയ്ക്കുക.

HELPLINE: 9656176831

Approved by : NCVT Govt. of India, C-DAC Govt. of India Rutronix, Govt of Kerala

NIST — *Challenging the Limits*

ALAPPUZHA IInd Floor, Sona Complex, Amman Kovil Street, Opp. Maheswari Textiles, Mullackal P.O. Alappuzha, PIN : 688011

HARIPAD Pournami Building, West of R.K. Jn., Haripad PIN : 690 514

KAYAMKULAM Maliyakkal Galaxy Opp. MSM College, Kayamkulam PIN : 690 502